# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 932 20/03/2012-ൽ മറുപടിക്ക്

### ഇംഗ്ലീഷ് ഭാഷ പഠനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ ബിരുദമില്ലാത്തവർ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി | എങ്കിൽ ഇതുമൂലം ഇംഗ്ലീഷ് ഭാഷയിൽ വിദ്യാർത്ഥികളുടെ നിലവാരം കുറയുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ നിലവാരം കുറയുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് പ്രത്യേകം തസ്തിക സൃഷ്ടിക്കപ്പെട്ടത്. |
| സി | വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങളും ഇംഗ്ലീഷ് ഭാഷയ്ക്കുള്ള പ്രാധാന്യവും കണക്കിലെടുത്ത് ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നകാര്യം | സർക്കാർ ഉത്തരവ് (എം.എസ്.) നം. 11/02/പൊ.വി. തീയതി 07/01/2002 പ്രകാരം പുതിയതായി എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക സൃഷ്ടിച്ചു. സർക്കാർ ഉത്തരവ് (പി) നം.2/09/ പൊ.വി. തീയതി 5/01/2009 പ്രകാരം ബി.എ. ഇംഗ്ലീഷ്, ബി.എഡ്. ഇംഗ്ലീഷ് എന്നീ യോഗ്യതകൾ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയ്ക്ക് |

| | | |
|---|---|---|
| | പരിഗണിക്കുമോ; | നിർബന്ധമാക്കി. എന്നാൽ സ.ഉ.(പി). നം.114/10/പൊ.വി. തീയതി 14/07/2010 പ്രകാരം 05/01/2009 ന് മുമ്പ് എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയ്ക്ക് ചട്ടം 51 എ അവകാശം നേടിയവരെ 05/01/2009 ലെ ജി.ഒ.(പി) നം.2/09/പൊ.വി. ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സർക്കുലർ നം 74487/ജെ.2/പൊ.വി. തീയതി 06/02/2010, പ്രകാരം സംരക്ഷണത്തിലുള്ള എച്ച്.എസ്.എ. കോർ വിഷയ അധ്യാപകരെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ആയി പുനർവിന്യസിക്കാറുണ്ട്. |
| ഡി | ഇതിനായി ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ കൂടുതലായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | സർക്കാർ ഉത്തരവ് (എം.എസ്.) നം.11/02/പൊ. വി. തീയതി 07/01/2002 പ്രകാരമുള്ള വിഷയാനുപാതക്രമം അനുസരിച്ചാണ് എച്ച്.എസ്.എ.(ഇംഗ്ലീഷ്) അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**